നമ്പർ.ഡി1/4514/2014/ഡിപിഐ.                പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി, 4 /3/2014.

## സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം (ഗസറ്റഡ്) ജീവനക്കാരുടെ സ്ഥലംമാറ്റം - സംബന്ധിച്ച്.

**സൂചന:-**

..........

പൊതുവിദ്യാഭ്യാസ വകുപ്പിലെ വിദ്യാഭ്യാസ മിനിസ്റ്റീരിയൽ (ഗസറ്റഡ്) വിഭാഗം ജീവനക്കാരുടെ 2014-ലെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്ഥലംമാറ്റം ആവശ്യമുള്ള ഒഴിവുകളുടെ പേര് മുൻഗണനാക്രമത്തിൽ നൽകാവുന്നതാണ്. നിലവിലുള്ള ആഫീസർമാർ ഒരു വർഷം ഒരു അപേക്ഷ മാത്രം സ്ഥലംമാറ്റത്തിനായി സമർപ്പിച്ചാൽ മതിയാകും. എന്നാൽ പുതിയതായി പ്രമോഷൻ ലഭിക്കുന്നവർ സ്ഥലംമാറ്റം ആവശ്യമുണ്ടെങ്കിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിച്ചശേഷം സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ അപേക്ഷകൾ അയച്ചാൽ ആദ്യം ലഭിക്കുന്ന അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ഓപ്ഷൻ ഒരു കാരണവശാലും മാറ്റാൻ അനുവദിക്കുന്നതല്ല. എന്നാൽ ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്.

നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറവും സ്ഥലംമാറ്റത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.

പൂരിപ്പിച്ച അപേക്ഷകൾ 31/3/2014 -ാം തീയതിക്കു മുൻപായി ഈ ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

മനോഹരൻ കടുവങ്ങൽ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

വി.പി./21.1.

## പൊതു സ്ഥലംമാറ്റത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

1. നിലവിലുള്ള ഒഴിവുകളിലേക്ക് ഒരു വർഷത്തിൽ താഴെ മാത്രം സർവ്വീസ് ബാക്കിയുള്ള ഓഫീസർമാരുടെ അപേക്ഷ സീനിയോറിറ്റി നോക്കാതെ തന്നെ സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതാണ്.
2. നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി ബാക്കിയുള്ള ഒഴിവുകൾ സീനിയോറിറ്റി പ്രകാരവും മറ്റ് മുൻഗണന വിഭാഗത്തിൽപ്പെട്ടവരെയും കൂടി പരിഗണിച്ച് സ്ഥലംമാറ്റം നടത്തുന്നതാണ്.
3. 31/7/2001 മുതൽ 17/9/2012 വരെയുള്ള സീനിയർ സൂപ്രണ്ട്മാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റുകൾ പ്രകാരമാണ് സീനിയോറിറ്റി കണക്കാക്കുന്നത്.
4. ജില്ലകളിൽ പി.എ ടു ഡി.ഇ.ഒ ഒഴിവിലേക്ക് അപേക്ഷകൾ ഉണ്ടെങ്കിൽ ക്രമ നം. 2,3 ഖണ്ഡികകളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി സ്ഥലംമാറ്റം നടത്തുന്നതാണ്.
5. പി.എ. ടു ഡി.ഇ.ഒ-യുടെ ഒഴിവിലേക്ക് അപേക്ഷകൾ ഇല്ലെങ്കിൽ ആ ജില്ലയിലെ ഹയർഗ്രേഡ് ലഭിച്ച ഏറ്റവും ജൂനിയർ ആയ സീനിയർ സൂപ്രണ്ടിനെ പി.എ.ടു ഡി.ഇ.ഒ തസ്തികയിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നതാണ്.
6. ഏതെങ്കിലും ജില്ലയിൽ ഹയർ ഗ്രേഡ് ലഭിച്ച സീനിയർ സൂപ്രണ്ടുമാർ ആരും ഇല്ലാതെ വരുകയും ആ ജില്ലയിൽ പി.എ. ടു ഡി.ഇ.ഒ തസ്തികയിൽ ഒഴിവുണ്ടാവുകയും ചെയ്താൽ തൊട്ടടുത്ത ജില്ലയിലെ ജൂനിയർ ആയ ഹയർ ഗ്രേഡ് ലഭിച്ച സീനിയർ സൂപ്രണ്ടിനേയോ സർവ്വീസിൽ ജൂനിയർ ആയ ഹയർ ഗ്രേഡ് ലഭിച്ച സീനിയർ സൂപ്രണ്ടിനേയോ ആ ഒഴിവിലേക്ക് നിയമിക്കുന്നതാണ്.
7. സ്ഥലംമാറ്റം നടത്തിയതിനുശേഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുമ്പോൾ ഒരു വർഷത്തിൽ തഴെ മാത്രം സർവ്വീസിലുള്ളവരെ ഒഴിവുകളുടെ ലഭ്യതയ്ക്ക് വിധേയമായി സീനിയോറിറ്റി നോക്കാതെ സ്വന്തം ജില്ലയിൽതന്നെ നിലനിർത്തുന്നതാണ്.
8. ഒരു ജില്ലയിൽ ക്രമ.നം. 7 പ്രകാരം ഉണ്ടാകുന്ന ഒഴിവിൽ ആ ജില്ലയിലുള്ളവരെ പരിഗണിച്ച ശേഷം ബാക്കിയുള്ള ഒഴിവിലേക്ക് മാതമേ മറ്റ്ജില്ലകളിൽ നിന്നുള്ളവരെ പരിഗണിക്കൂ.
9. മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ സ്ഥലത്ത് ജോലി ചെയ്യുന്നവരുടെ സ്ഥാനത്തേക്ക് മറ്റ് അപേക്ഷകർ ഉണ്ടെങ്കിൽ ടി വ്യക്തി അപേക്ഷ നൽകിയിട്ടില്ലെങ്കിൽപോലും പ്രസ്തുത സ്ഥാനത്തിലേക്കുള്ള അപേക്ഷ പരിഗണിക്കുന്നതാണ്.
10. സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും (www.education.kerala.gov.in) ഡൗൺലോഡ് ചെയ്തെടുത്ത് പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കാവുന്നതാണ്.

മനോഹരൻ കടുവങ്ങൽ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

വി.പി./21.1

# Application for Transfer of Ministerial Staff (Gazetted)

1. Name :
2. Designation :
3. Name of Office :
4. Date of Birth :
5. Rank No. in the Seniority list of Senior Superintendent :
6. Native District/Place
7. Was the posting to the present station/ Office is at request :
8. Date of Commencement of continuous service in the present station :
9. Name of 10 stations to which transfer is required in the order of preference : 1.

   2.

   3.

   4.

   5.

10. Ground for the request :
11. Whether the applicant is eligible for preference and if so, give details with documental evidence. :
12. Signature of the applicant with date :